# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.68 13.06.2012 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ - ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. സി. ദിവാകരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ലഭ്യമാണോ; എങ്കിൽ അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ സംസ്ഥാന താൽപ്പര്യങ്ങളെ എപ്രകാരം ബാധിക്കുന്നു;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ബഹു. ജലവിഭവ വകുപ്പു മന്ത്രി)

(എ) & (ബി)

ഉണ്ട്. പ്രസ്തുത സമിതി ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ നിലവിലെ മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലായും സീസ്മിക്കലായും സ്ട്രക്ചറലായും സുരക്ഷിതമാണെന്ന് അവർ നിയോഗിച്ച ഗവേഷണ സ്ഥാപനങ്ങളുടെ വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ളതായി പ്രതിപാദിച്ചി ട്ടുണ്ട്. ഇതിനു പുറമെ പ്ലാനിങ്ങ് കമ്മീഷന്റെ സാങ്കേതിക-സാമ്പത്തിക അനുമതിയുടെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയുടെയും അടിസ്ഥാനത്തിൽ കേരളത്തിന്റെ ചെലവിൽ പുതിയ

അണക്കെട്ട് നിർമ്മിക്കുക, നിലവിലെ മുല്ലപ്പെരിയാർ ഡാമിൽ ഒരു പുതിയ ടണൽ 50 അടി നിരപ്പിൽ ആവശ്യമായ ഗേറ്റിംഗ് സംവിധാനത്തോടെ തമിഴ്നാട് സർക്കാരിന്റെ ചെലവിൽ നിർമ്മിക്കുക തുടങ്ങിയ ബദൽ നിർദ്ദേശങ്ങളും സമിതി റിപ്പോർട്ടിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ സംസ്ഥാന താൽപ്പര്യത്തിന് ഗുണകരമാകുന്ന വിധത്തിൽ രൂപപ്പെടുത്തുന്നതിന് നിയമ വിദഗ്ധരുമായും സാങ്കേതിക വിദഗ്ധരു മായും കൂടിയാലോചിച്ച് സർക്കാർ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ യ്ക്കായി കേന്ദ്രസേനയെ വിന്യസി ക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച സംസ്ഥാന സർക്കാ രിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടു ത്തുമോ?

**(സി)** ഉണ്ട്. സംസ്ഥാന സർക്കാർ ഈ ആവശ്യത്തെ അനുകൂലിക്കുന്നില്ല. തമിഴ്നാട് ഈ ആവശ്യം നേരത്തെ സുപ്രീംകോടതിയിൽ ആവശ്യ പ്പെടുകയും കോടതി പ്രസ്തുത ആവശ്യം നിരാകരിച്ചിട്ടുമുള്ളതാണ്.

സെക്ഷൻ ഓഫീസർ